## പൊതുലക്ഷ്യങ്ങൾ

- 1 മുതൽ 4 വരെയുള്ള വിദ്യാർത്ഥികളെ നന്നായി എഴുതാനും വായിക്കാനും പ്രാപ്തരാക്കുക.
- വ്യത്യസ്ത രചനകളെയും സാഹിത്യകാരന്മാരെയും പരിചയപ്പെടാനും അതിലൂടെ ആസ്വാദനശേഷി വളർത്തിയെടുക്കാനും പ്രോത്സാഹിപ്പിക്കുക.
- ചുറ്റുപാടിൽ നിന്ന് അന്യം നിന്നുകൊണ്ടിരിക്കുന്ന ജന്തു സസ്യജാലങ്ങളെ തിരിച്ചറിയാനും അവയെ സംരക്ഷിക്കാനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടാനും പ്രാപ്തരാക്കുക.
- ആരോഗ്യക്ലാസുകൾ സംഘടിപ്പിക്കുക വഴി വ്യക്തിശുചിത്വം, പൊതുശുചിത്വം എന്നീ കാര്യങ്ങളിൽ ധാരണയുള്ളവരാക്കുക.
- മതനിരപേക്ഷത, ജനാധിപത്യ മൂല്യങ്ങൾ എന്നിവ കുട്ടികളിൽ വളർത്തിയെടുക്കുക.
- ആധുനിക വിവരസാങ്കേതിക വിദ്യയിൽ പ്രാവീണ്യമുള്ളവരാക്കുക.
- പഠന പിന്നോക്കക്കാർക്ക് (CWSN, IEDC) പ്രത്യേക പാഠ്യപദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.
- പ്രകൃതിയിലെ ഗണിതാശയങ്ങൾ തിരിച്ചറിയാനും നിത്യജീവിതത്തിൽ ഫലപ്രദമായി കൈകാര്യം ചെയ്യാനും പ്രാപ്തരാക്കുക.
- ഗണിതം ആസ്വാദ്യകരമാക്കാൻ ഉതകുന്ന ലളിതമായ ചതുഷ്ക്രിയ പ്രവർത്തനങ്ങളിലൂടെ എല്ലാ കുട്ടികൾക്കും ക്രിയകൾ ചെയ്യാൻ കഴിയും എന്ന് ഉറപ്പു വരുത്തുക.
- കലാ-കായിക പ്രവൃത്തി പരിചയ മേഖലകളിൽ കുട്ടികൾക്കുള്ള കഴിവ് തിരിച്ചറിഞ്ഞ് പരിപോഷിപ്പിക്കുക.
- സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി ശാക്തീകരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- സ്കൂളിന്റെ സാമൂഹികവും അക്കാദമികവും ഭൗതികവുമായ വികസന പ്രവർത്തനങ്ങളിൽ പൊതുജന പങ്കാളിത്തം ഉറപ്പു വരുത്തുക.

•••••••••••••••

## മേഖല – മലയാളം

| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സ്രോതസ്സ് |
|---|---|---|---|---|---|
| 1 | മാതൃഭാഷാപ്രയോഗത്തിൽ വിവിധ ഘട്ടങ്ങളിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികളെ മുന്നോക്കം എത്തിക്കുക.<br><br>(അക്ഷര വസന്തം) | 1. പ്രീ-ടെസ്റ്റ്<br>ലഘുവാക്യരചന ചിഹ്നങ്ങൾ, അക്ഷരങ്ങൾ ക്രമീകരിക്കൽ, (I, II Classes)<br>കവിതാപൂരണം<br>കഥാപൂരണം,<br>സംഭാഷണം | ജൂൺ ആദ്യ വാരം | ക്ലാസ് ടീച്ചർ | SSA |
| | | 2. പദകാർഡ്<br>ചിത്രങ്ങളിലൂടെ അക്ഷരങ്ങൾ ഉറപ്പിക്കുക.<br>അക്ഷരങ്ങൾ തെറ്റായി സ്ഥാനപ്പെടുത്തിയ കാർഡുകൾ നൽകൽ (ക്ലാസ് തരം തിരിച്ച്) | ജൂൺ രണ്ടാം വാരം | ക്ലാസ് ടീച്ചർ | അക്ഷര കാർഡ് വാക്യ കാർഡ് |
| | | 3. വാക്യ കാർഡ്<br>എ ഫോർ കാർഡിൽ വ്യത്യസ്ത വാക്കുകള് എഴുതിയ കാർഡുകൾ നൽകുന്നു. വാക്യരചന | | | |
| | | 4. ചിത്രം – അടിക്കുറിപ്പ് –<br>ചിത്രം നൽകി അടിക്കുറിപ്പ് പറയിപ്പിക്കൽ എഴുതൽ | ജൂൺ അവസാന വാരം | ക്ലാസ് ടീച്ചർ | പത്ര കട്ടിംഗ്സ് |
| | | 5. കഥാപൂരണം<br>കഥയുടെ കുറച്ച് ഭാഗം നൽകുന്നു. വായിപ്പിക്കുന്നു. | | | |
| | | 6. കവിതാപൂരണം<br>വരികൾ നൽകി പൂർത്തീകരിക്കൽ, വായിപ്പിക്കൽ | ജൂലൈ ആദ്യ വാരം | ക്ലാസ് ടീച്ചർ | SSA രക്ഷിതാക്കൾ |
| | | 7. പഴഞ്ചൊൽ കേളി<br>പഴഞ്ചൊല്ല് ക്രമം തെറ്റിച്ച് നൽകുന്നു. ശരിയായ രൂപത്തിലാക്കുന്നു. | | | |

| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സ്രോതസ്സ് |
|---|---|---|---|---|---|
| | | 8. അക്ഷര ചക്രം ഓരോ കുട്ടിക്കും ഓരോ പദങ്ങൾ നൽകി കുട്ടികൾക്ക് നൽകുന്നു. | ജൂലൈ ആദ്യ വാരം | ക്ലാസ് ടീച്ചർ | SSA രക്ഷിതാക്കൾ |
| | | 9. മാൻ — ശക്തിമാൻ, പുള്ളിമാൻ | | | |
| 2 | വായനാ ലേഖന പോഷണ പരിപാടികൾ | 1. പത്രവാർത്ത : അസംബ്ലിയിൽ പത്രവാർത്ത വായന, ഡയറി, ലഘുവായനാക്കുറിപ്പുകൾ വായിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | | പി.ടി.എ. |
| | | 2. ക്ലാസ് ലൈബ്രറി സജ്ജീകരണം | ജൂൺ ആദ്യ വാരം | | രക്ഷിതാക്കൾ പി.ടി.എ. |
| | | 3. ചെറിയ കഥകൾ എ4 സൈസിൽ വലിയ അക്ഷരത്തിൽ ഡിടിപി. ചെയ്ത് നൽകൽ | | | |
| | | 4. കല്യാണക്കത്തുകൾ, നോട്ടീസുകൾ, ലഘുലേഖകൾ തുടങ്ങിയവയുടെ ശേഖരണം. | ജൂൺ- ജൂലൈ | ക്ലാസ് ടീച്ചർ | S.S.A |
| | | 5. വായിപ്പിക്കൽ (ഒഴിവു സമയങ്ങളിൽ) | ആഗസ്ത് മുതൽ മാർച്ച് വരെ | | |
| | | 6. കയ്യെഴുത്ത് മത്സരം വായനാ മത്സരം | ഓരോ മാസങ്ങളിലും | | |
| | | 7. കടങ്കഥാ നിർമ്മാണം— വിഷയം നൽകുന്നു. സ്വയം ചോദ്യനിർമ്മാണം വളരുന്ന പുസ്തകമാക്കി മാറ്റുന്നു. | ഒക്ടോബർ - മാർച്ച് വരെ | | |

| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സ്രോതസ്സ് |
|---|---|---|---|---|---|
| | | 8. അക്ഷര ചക്രം ഓരോ കുട്ടിക്കും ഓരോ പദങ്ങൾ നൽകി കുട്ടികൾക്ക് നൽകുന്നു. | ജൂലൈ ആദ്യ വാരം | ക്ലാസ് ടീച്ചർ | SSA രക്ഷിതാക്കൾ |
| | | 9. മാൻ — ശക്തിമാൻ, പുള്ളിമാൻ | | | |
| 2 | വായനാ ലേഖന പോഷണ പരിപാടികൾ | 1. പത്രവാർത്ത : അസംബ്ലിയിൽ പത്രവാർത്ത വായന, ഡയറി, ലഘുവായനാക്കുറിപ്പുകൾ വായിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | | പി.ടി.എ. |
| | | 2. ക്ലാസ് ലൈബ്രറി സജ്ജീകരണം | ജൂൺ ആദ്യ വാരം | | രക്ഷിതാക്കൾ പി.ടി.എ. |
| | | 3. ചെറിയ കഥകൾ എ4 സൈസിൽ വലിയ അക്ഷരത്തിൽ ഡി.ടി.പി. ചെയ്ത് നൽകൽ | | | |
| | | 4. കല്യാണക്കത്തുകൾ, നോട്ടീസുകൾ, ലഘുലേഖകൾ തുടങ്ങിയവയുടെ ശേഖരണം. | ജൂൺ- ജൂലൈ | ക്ലാസ് ടീച്ചർ | S.S.A |
| | | 5. വായിപ്പിക്കൽ (ഒഴിവു സമയങ്ങളിൽ) | ആഗസ്ത് മുതൽ മാർച്ച് വരെ | | |
| | | 6. കയ്യെഴുത്ത് മത്സരം വായനാ മത്സരം | ഓരോ മാസങ്ങളിലും | | |
| | | 7. കടങ്കഥാ നിർമ്മാണം— വിഷയം നൽകുന്നു. സ്വയം ചോദ്യനിർമ്മാണം വളരുന്ന പുസ്തകമാക്കി മാറ്റുന്നു. | ഒക്ടോബർ - മാർച്ച് വരെ | | |

| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സ്രോതസ്സ് |
|---|---|---|---|---|---|
| | ലൈബ്രറി ശാക്തീകരണം | 1. പുസ്തകകൊയ്ത്ത് അധ്യാപകർ, മാനേജർ, പി.ടി.എ. പൂർവ്വ വിദ്യാർത്ഥികൾ, പൂർവ്വ അധ്യാപകർ എന്നിവരുടെ സഹായത്തോടെ ലൈബ്രറിയിലേക്കുള്ള പുസ്തകങ്ങൾ ശേഖരിക്കൽ<br>2. പ്രധാന വായനശാലാ സന്ദർശനം<br>അടുത്തുള്ള വായനശാല സന്ദർശിച്ച് അംഗത്വമെടുപ്പിക്കൽ<br>3. ബാലമാസികകൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ലഘുലേഖകൾ ക്ലാസ് ലൈബ്രറിയിലേക്ക് ശേഖരിക്കൽ<br>4. സ്കൂൾ ലൈബ്രറി ഒരുക്കൽ<br>പുസ്തകങ്ങൾ ക്രമീകരിച്ച് വെക്കാനുള്ള സൗകര്യമൊരുക്കൽ<br>5. പിറന്നാൾ പുസ്തകം<br>ജന്മദിനത്തിൽ ഓരോ പുസ്തകങ്ങൾ ലൈബ്രറിയിലേക്ക് സംഭാവന | ഒക്ടോബർ-മാർച്ച് വരെ<br>നവംബർ 2-ാം വാരം<br>വർഷത്തിൽ രണ്ടു തവണ<br>2 വർഷം | മാനേജർ പൂർവ്വ വിദ്യാർത്ഥികൾ | പൂർവ്വ വിദ്യാർത്ഥികൾ മാനേജർ അധ്യാപകർ |
| | സർഗ്ഗാത്മക കഴിവുകളുടെ പരിപോഷണത്തിന് | 1. ബാലസഭ-മാസത്തിൽ ഒരു തവണ<br>2. കലോത്സവ വേദി ഒരുക്കൽ<br>3. നാടകക്കളരി, ഏകദിന ക്യാമ്പുകൾ, ശിൽപശാലകൾ സംഘടിപ്പിക്കൽ<br>4. വിഷയാടിസ്ഥാനത്തിൽ സ്കിറ്റുകൾ സ്വന്തമായി തയ്യാറാക്കി അവതരിപ്പിക്കൽ<br>5. പാവനാടകം : പാഠഭാഗങ്ങളെ പാവനാടകമാക്കി പരിശീലനം | വർഷത്തിൽ 2 തവണ<br>വർഷത്തിൽ ഒരു തവണ | | SRG<br>SRG പി.ടി.എ. |

| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സ്രോതസ്സ് |
| --- | --- | --- | --- | --- | --- |
| | | 6. അനൗൺസ്മെന്റ് ചെയ്യാനുള്ള അവസരം ബാലസഭകളിലും വിശേഷ ദിവസങ്ങളിലും പരിപാടികൾ സ്വന്തമായി അവതരിപ്പിക്കാനുള്ള പരിശീലനം<br><br>7. ചിത്ര പരിശീലന കളരി | ആവശ്യാനുസരണം<br><br>അവധി ദിവസങ്ങളിൽ | SRG ക്ലാസ് ടീച്ചർ | PTA |

## മേഖല – ഗണിതം

| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സ്രോതസ്സ് |
|---|---|---|---|---|---|
| 1 | ഗണിത പഠന പ്രവർത്തനങ്ങൾ രസകരവും എളുപ്പവും ആക്കൽ | 1. ഗണിത കൗതുകം - ഗണിത ലാബ് കാർഡ്ബോർഡ് പെട്ടിയിൽ തയ്യാറാക്കിയ നിറം കൊടുത്ത ഗണിത രൂപങ്ങൾ<br>2. ത്രിമാന രൂപങ്ങൾ ഒരുക്കൽ<br>3. ഗണിത ചാർട്ടുകൾ നിർമ്മിക്കൽ<br>4. ഗണിത കിറ്റുകൾ ഒരുക്കൽ<br>5. ഗണിത മൂലകൾ ഒരുക്കൽ (ഓരോ ക്ലാസിലും)<br>6. സ്ഥാനവില പോക്കറ്റ്, അബാക്കസ് എന്നിവ ഉപയോഗപ്പെടുത്തി പഠന പ്രവർത്തനങ്ങൾ നൽകൽ<br>7. കുസൃതിക്കണക്കുകൾ, ഗണിതഗാനങ്ങൾ ശേഖരിക്കൽ<br>8. ഗണിത ക്വിസ്<br>9. ഗണിതോത്സവം<br>1 മുതൽ 4 വരെ ക്ലാസിലെ കുട്ടികൾക്ക് വ്യത്യസ്ത രീതിയിലുള്ള ഗണിത കേളികൾ, പസിലുകൾ നിർമ്മിക്കൽ (ഒറിഗാമി, ടാൻഗ്രാം) നൽകി പഠനം രസകരമാക്കൽ | ജൂൺ മുതൽ<br>മെയ് മാസം അവധി ദിവസങ്ങൾ<br>ജൂൺ മുൽ മാർച്ചോടെ<br>ജൂൺ ജൂലൈ<br>ജൂലൈ മാസം<br>ഓരോ മാസവും<br>വർഷത്തിൽ ഒന്ന്<br>മാർച്ച് ആദ്യ വാരം | ഗണിത ക്ലബ്ബ് ക്ലാസ് ടീച്ചർ<br>ഗണിത ക്ലബ്ബ്<br>ഗണിത ക്ലബ്ബ് ക്ലാസ് ടീച്ചർ | പി.ടി.എ. |

## മേഖല – ഇംഗ്ലീഷ്

| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സ്രോതസ്സ് |
|---|---|---|---|---|---|
| 1 | എല്ലാ കുട്ടികൾക്കും അനായാസേന ഇംഗ്ലീഷ് എഴുതാനും വായിക്കാനും ശേഷിയുള്ളവരാക്കുക. | 1. ഇംഗ്ലീഷ് അസംബ്ലി<br>ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി, News paper reading, diary, reading, speech, story thoughts, myself തുടങ്ങിയ പ്രവർത്തനങ്ങൾ | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് ടീച്ചർ | |
| | | 2. ഇംഗ്ലീഷ് ഡയറി<br>ഓരോ ദിവസത്തെയും സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷിൽ എഴുതൽ | ആഴ്ചക്ക് 2 ദിവസം | ക്ലാസ് ടീച്ചർ | |
| | | 3. ഇംഗ്ലീഷ് ബാലസഭ<br>പാഠപുസ്തകത്തിലെ ആശയങ്ങൾ വ്യത്യസ്ത വ്യവഹാര രൂപങ്ങൾ (Skit, conversation, Story, rhymes) അവതരിപ്പിക്കൽ | രണ്ട് മാസത്തിലൊരിക്കൽ | | |
| | | 4. ഇംഗ്ലീഷ് കയ്യെഴുത്ത് മാസിക<br>കുട്ടികൾ മുറിയിൽ രൂപപ്പെട്ട വ്യവഹാര രൂപങ്ങളെ മെച്ചപ്പെടുത്തി കയ്യെഴുത്ത് മാസിക നിർമ്മിക്കുന്നു. | രണ്ട് മാസത്തിലൊരിക്കൽ | | |
| | | 5. ഇംഗ്ലീഷ് ഫെസ്റ്റ് | | | |
| | | 6. സ്പോക്കൺ ഇംഗ്ലീഷ് ക്ലാസുകൾ<br>വിരമിച്ച അധ്യാപകരുടെ സഹായത്താൽ പ്രഗത്ഭരുടെ മേൽനോട്ടത്തിൽ | അവധി ദിവസങ്ങളിൽ | | PTA<br>SRG |
| | | 7. Language games like 'bat and ball' Wins and Lose, Hide and seek, Fruit Salad etc. Memorising things. | ആവശ്യാനുസരണം | | Class Teacher |
| | | 8. Anchoring<br>ഇംഗ്ലീഷ് അസംബ്ലി, ഇംഗ്ലീഷ് ബാലസഭ, ഫെസ്റ്റ് തുടങ്ങിയ പരിപാടികളിൽ Anchoring ചെയ്യാനുള്ള അവസരം ഒരുക്കുന്നു. | | ഇംഗ്ലീഷ് ടീച്ചർ | |

| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സ്രോതസ്സ് |
|---|---|---|---|---|---|
| 2 | പിന്നോക്കക്കാരെ മുന്നോക്കത്തിലെത്തിക്കുന്ന പ്രവർത്തനങ്ങൾ | **1. പ്രീ ടെസ്റ്റ്**<br>ലഘു വാക്യ രചന, വായന എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ക്ലാസ് തിരിച്ചു നൽകുന്നു.<br>**2. അക്ഷര കാർഡ് :**<br>അക്ഷര കാർഡുകളും ചിത്ര കാർഡുകളും നൽകി വായിപ്പിക്കൽ<br>വാക്യ കാർഡ് - ചെറു വാക്യങ്ങൾ നിർമ്മിക്കൽ, വായിക്കൽ (ക്രമപ്പെടുത്തൽ)<br>ചിത്രത്തിൽ നിന്ന് കഥ- ചിത്രവും കഥാരൂപവും എ4ൽ ഡി.ടി.പി. ചെയ്തു നൽകുന്നു. കഥ പൂർത്തിയാക്കൽ | ജൂൺ ആദ്യ വാരം | ക്ലാസ് ടീച്ചർ | |

## മേഖല - പരിസരപഠനം

| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സ്രോതസ്സ് |
|---|---|---|---|---|---|
| 1 | നല്ല നിരീക്ഷണത്തിലൂടെ അപഗ്രഥനവും നിഗമനവും രൂപീകരിക്കാൻ പ്രാപ്തരാക്കുക. | ♦ അടുത്തുള്ള വയൽ കുളം, തോട് എന്നിവ സന്ദർശിക്കുക.<br>♦ പരിസരത്തുള്ള ജീവികളെക്കുറിച്ചും സസ്യങ്ങളെക്കുറിച്ചും ലിസ്റ്റ് ചെയ്യുന്നു.<br>♦ കൃഷി സ്ഥലങ്ങൾ സന്ദർശിച്ച് വിവിധ കൃഷി രീതികൾ മനസ്സിലാക്കുന്നു. | ജൂൺ-ആഗസ്ത് | ക്ലാസ് ടീച്ചർ സഹ അധ്യാപകർ | PTA |
| | | ♦ കയർ വ്യവസായ ശാലകൾ, ഓട് വ്യവസായ ശാലകൾ, തീപ്പെട്ടി ശാലകൾ എന്നിവിടങ്ങളിൽ സന്ദർശനം നടത്തി പ്രകൃതിയിൽ നിന്നും ഉപയോഗിക്കുന്ന സാധനങ്ങളിൽ നിന്ന് ഉൽപ്പന്നങ്ങൾ എങ്ങനെയാണ് ഉണ്ടാക്കുന്നതെന്ന് പഠിക്കൽ. | വർഷത്തിൽ ഒരു തവണ | ക്ലാസ് ടീച്ചർ | |
| | | ♦ മണ്ണ് മലിനീകരണം, ജലമലിനീകരണം, പ്ലാസ്റ്റിക് മലിനീകരണം എന്നിവയെക്കുറിച്ചുള്ള ബോധവൽക്കരണ സി.ഡി.കൾ കാണിക്കുന്നു. | ആഗസ്ത് -സപ്തംബർ | സഹ അധ്യാപകർ | |
| | | ♦ ഷോർട്ട് ഫിലിംസ് related to പ്രകൃതി സംരക്ഷണം (CD) | നവംബർ 14 | ക്ലാസ് ടീച്ചർ | |

| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സ്രോതസ്സ് |
|---|---|---|---|---|---|
| 2 | ചരിത്രബോധമുള്ളവരാക്കുക. | ♦ സ്വന്തം പ്രദേശത്തെ ചരിത്രസ്മാരകങ്ങൾ, വീടുകൾ, വസ്തുക്കൾ എന്നിവയെക്കുറിച്ചറിയാനും കാണാനും അവസരം നൽകുക. (സി.ഡി.സന്ദർശനം) | വർഷത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ | SRG |
| | | ♦ ചരിത്രങ്ങൾ കൂടുതൽ അറിയാനാവശ്യമായ പുസ്തകങ്ങൾ ശേഖരിച്ച് വായിക്കാൻ അവസരം നൽകൽ | ഡിസംബർ | സഹ അധ്യാപകർ | |
| | | ♦ പഴയകാല ഉപകരണങ്ങൾ പരിചയപ്പെടാനും അതിനെക്കുറിച്ച് മനസ്സിലാക്കാനും അഭിമുഖം, വിവരശേഖരണം, ഗൃഹസന്ദർശനം നടത്തുക. | അവധിദിവസങ്ങളിൽ | | PTA<br>SRG |
| | | ♦ സ്കൂളിനെക്കുറിച്ചും പ്രദേശത്തെക്കുറിച്ചും അറിയാനായി മുതിർന്ന ആളുകളോട് ചോദ്യോത്തര പയറ്റ് നടത്തുക. | ദിനാചരണ ദിനങ്ങളോടനുബന്ധിച്ച് | ക്ലാസ് ടീച്ചർ | |
| 3 | ദേശീയ ബോധമുള്ളവരാക്കുക. | ♦ സ്വന്തം കടമകളെക്കുറിച്ചും കർത്തവ്യങ്ങളെക്കുറിച്ചും ബോധവാന്മാരാക്കാൻ വേണ്ടി സ്കൂളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | ഡിസംബർ | അധ്യാപകർ | PTA |
| | | ♦ ദിനാചരണങ്ങൾ നടത്തുമ്പോൾ പ്രസംഗമത്സരങ്ങൾ, ക്വിസ് മത്സരങ്ങൾ, പുണ്യപ്രവർത്തനങ്ങൾ ചെയ്യൽ (പാവപ്പെട്ടവരെ സഹായിക്കുക, വൃദ്ധരോട് കരുണ കാട്ടുന്ന പ്രവർത്തനങ്ങൾ) എന്നിവ ഉൾപ്പെടുത്തൽ | ദിനാചരണങ്ങളുടെ ഭാഗമായി | | SRG |

| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സ്രോതസ്സ് |
|---|---|---|---|---|---|
| | | ◆ ദേശസ്നേഹം പ്രകടമാക്കുന്ന വിവിധ വീഡിയോകൾ പ്രദർശിപ്പിക്കുന്നു. | ജനുവരി | ക്ലാസ് ടീച്ചർ | PTA |
| | | ◆ ദിനാചരണങ്ങളിൽ സ്വാതന്ത്ര്യസമര ഗാനങ്ങൾ, ഗീതങ്ങൾ, ദേശഭക്തി ഗാനങ്ങൾ, ദേശീയ നേതാക്കൾ, ധീര വ്യക്തികൾ എന്നിവ കോർത്തിണക്കി വിവിധ പരിപാടികൾ അവതരിപ്പിക്കൽ. | ജനുവരി | അധ്യാപകർ | |
| | | ◆ നാടിനെയും സമൂഹത്തെയും രാജ്യത്തെയും സ്നേഹിക്കാൻ പഠിപ്പിക്കുക. | ദിനാചരണങ്ങളുടെ ഭാഗമായി | SRG | PTA |
| 4 | പഠനോപകരണങ്ങൾ സ്വന്തമായി നിർമ്മിക്കാൻ പ്രാപ്തരാക്കുക. | ◆ ക്ലാസ് റൂം പ്രവർത്തനത്തിന്റെ ഭാഗമായി ഗ്രൂപ്പുകളായി തിരിഞ്ഞ് ഗ്ലോബുകൾ, ഭൂപടങ്ങൾ, ചിത്ര ആൽബശേഖരണങ്ങൾ, വിവിധ സസ്യങ്ങളുടെ വേരുകൾ, ഇലകൾ എന്നിവ ശേഖരിച്ച് പതിപ്പാക്കി ആവശ്യാനുസരണം ക്ലാസിൽ ഉപയോഗപ്പെടുത്തുന്നു. | ഫെബ്രുവരി മാർച്ച് | സഹാധ്യാപകർ SRG | PTA മാനേജർ |

## മേഖല – അറബിക് ഭാഷാപഠനം

| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| 1 | മുഴുവൻ കുട്ടികൾക്കും ലഘുവാക്യങ്ങൾ വായിക്കാൻ സാധിക്കണം. | തെരഞ്ഞെടുത്ത ലളിതമായ 101 പുസ്തക അറബിക് ലൈബ്രറി (അതിൽ അറബിക് കഥ, ബുക്ക് 30ഉം അറബിക് ചിത്രകഥ 20ഉം അറബിക് കൊച്ചു പദ്യബുക്ക് 2ഉം ലേഖന വിവരണ ബുക്ക് 30ഉം അറബി ക്വിസ് ഒന്നും ) കൂടാതെ അറബിക് ഡിക്ഷ്ണറി -1 | ഒരു വർഷം | അറബിക് ടീച്ചർ | പി.ടി.എ. സ്പോൺസർഷിപ്പ് |
| 2 | കുട്ടികളിലെ പദസമ്പത്ത് വർദ്ധിപ്പിക്കുക. | ഒരു കുട്ടി ഒരു പദം പറയുന്നു. അടുത്ത കുട്ടി ആ അവസാനത്തിൽ വരുന്ന അക്ഷരം തുടക്കത്തിൽ വരുന്ന പദം പറയുന്നു. ഇങ്ങനെ എല്ലാ കുട്ടികളും ആവർത്തിക്കുന്നു. | മാസത്തിൽ ഒരിക്കൽ | അറബിക് ടീച്ചർ | |
| .3 | എല്ലാ കുട്ടികൾക്കും വാക്യങ്ങൾ എഴുതാൻ പ്രാപ്തരാക്കണം. | ക്ലാസ് മാസിക, ചുമർ പത്രിക, വായനാകാർഡ് എന്നിവയുടെ നിർമ്മാണം. മോഡൽ നൽകി മത്സരം നടത്തി നല്ലത് കണ്ടെത്തി വീണ്ടും ശരിയാക്കി എ4ൽ വൃത്തിയിൽ എഴുതി ചിത്രങ്ങൾക്ക് നിറം നൽകി ലാമിനേഷൻ ചെയ്ത് വായനാ കാർഡ് നിർമ്മിക്കുന്നു. | 6 മാസം കൂടുമ്പോൾ | അറബിക് ടീച്ചർ | |
| 4 | പാടാനും പറയാനും കഴിയുന്ന പ്രതിഭകളെ കണ്ടെത്തി മറ്റുള്ള കുട്ടികളെ ആസ്വദിപ്പിക്കാനും ശ്രവിക്കാനുമുള്ള അവസരം സൃഷ്ടിക്കൽ | രണ്ടാഴ്ചയിലൊരിക്കൽ ആസ്വാദന സഭ ചേരുന്നു. മുൻകൂട്ടി പ്ലാൻ ചെയ്യുന്നു. ഒരിക്കൽ പാടിയ / പറഞ്ഞ കുട്ടിയെ അടുത്ത സദസ്സിൽ ആസ്വാദകരാക്കുന്നു. എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പു വരുത്തുന്നു. | രണ്ടാഴ്ചയിൽ ഒരിക്കൽ | എച്ച്. എം. അറബിക് ടീച്ചർ | |

| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| | | LCD ഉപയോഗിച്ച് കഥകളുടെ പാട്ടുകളുടെ ഹ്രസ്വ ഫിലിം തമാശകളുടെ വീഡിയോ എന്നിവ കേൾപ്പിക്കുന്നു. ആലിബാബയുടെ കഥകൾ, മുല്ല നസറുദ്ദീൻ കഥകൾ, സിൻഡ്രല്ല, ഗുണപാഠ കഥകൾ, ഖുർആൻ -ഹദീസ് ചരിത്രങ്ങൾ എന്നിവയും യൂട്യൂബിൽ നിന്ന് ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കുന്നു. | | | |
| 5 | സ്കൂളിൽ പ്രതിഭകൾക്ക് മാത്രം വിജയം പോരാ എല്ലാവർക്കും വിജയം സാധ്യമാക്കുക. | സ്കൂളിൽ വ്യത്യസ്ത കാറ്റഗറിയിൽ മത്സരം നടത്തുന്നു. ക്വിസ്, പദനിർമ്മാണം, കഥാപൂരണം, കവിതാപൂരണം, പദപ്രശ്നം, വേഡ് ഹണ്ടിംഗ്, കളറിംഗ്, മെമ്മറി ടെസ്റ്റ്, ഗദ്യവായന, പദ്യ ആലാപനം, ആംഗ്യപ്പാട്ട്, കഥ പറയൽ, ഖുർആൻ പാരായണം, പദപ്പയറ്റ്, വിവിധ പസിൽസ് | വർഷത്തിൽ ഒരു പ്രാവശ്യം | എച്ച്. എം. അറബിക് ടീച്ചർ | |

## മേഖല –

| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| 1 | പാഴ് വസ്തുക്കൾ ഉപയോഗിച്ച് കൗതുകകരവും പഠന സഹായകവുമായ വസ്തുക്കൾ നിർമ്മിക്കാൻ പ്രാപ്തരാക്കുക. | ◆ പ്രവൃത്തി പരിചയ ശിൽപശാലകൾ രക്ഷിതാക്കൾക്കും കുട്ടികൾക്കും നൽകൽ<br>◆ പാഠഭാഗവുമായി ബന്ധപ്പെട്ട ഉൽപ്പന്നങ്ങൾ ക്ലാസ് റൂം പ്രവർത്തനത്തിന്റെ ഭാഗമായി നിർമ്മിക്കുന്നു. | വർഷത്തിൽ ഒരു തവണ | അധ്യാപകർ | PTA<br>MPTA |
| | സ്കൂൾതല പ്രവർത്തനങ്ങളിൽ സാമൂഹ്യ പങ്കാളിത്തം ഉറപ്പു വരുത്തുക. | ◆ പ്രദർശനങ്ങൾ<br>കുട്ടികൾ നിർമ്മിച്ച പഠനസാമഗ്രികളുടെയും കൗതുക വസ്തുക്കളുടെയും പ്രദർശനം ക്ലാസ് പി.ടി.എ. യോഗങ്ങളിൽ പ്രദർശിപ്പിക്കൽ | | അധ്യാപകർ | SRG<br>Class Teacher |
| | | ◆ വാർഷികാഘോഷങ്ങളിലും ഓണം/റംസാൻ ആഘോഷങ്ങളിലും രക്ഷിതാക്കളുടെ സഹകരണം ഉറപ്പാക്കുന്നു.<br>◆ വിവിധ കളികൾ (അമ്മമാർക്ക്) സമ്മാനങ്ങൾ നൽകൽ | | Health Club<br>HM<br>PTA<br>Health Club | |
| | | ◆ ആരോഗ്യ ബോധവൽക്കരണ ക്ലാസുകൾ<br>◆ വിദ്യാഭ്യാസ സംബന്ധമായ ക്ലാസുകൾ<br>പഠനയാത്രകൾ | വർഷത്തിൽ ഒരു തവണ | Health Club | Health Club<br>HM<br>SRG |
| | ആരോഗ്യ-ശുചിത്വ ശീലങ്ങളിൽ ബോധവാന്മാരാകുക | ◆ വിവിധ വൈദ്യപരിശോധന ക്യാമ്പുകൾ (കണ്ണ്, രക്തം)<br>◆ ആരോഗ്യ ബോധവൽക്കരണ ക്ലാസുകൾ | വർഷത്തിൽ ഒരു തവണ | | പ്രാഥമികാരോഗ്യ കേന്ദ്രം |
| | | ◆ ലഘുലേഖകൾ തയ്യാറാക്കി ഗാന്ധിജയന്തി വാരം, എയ്ഡ്സ് ദിനം തുടങ്ങിയ ദിനാചരണങ്ങളിൽ വിതരണം നടത്തൽ | ദിനാചരണവുമായി ബന്ധപ്പെട്ട് | | PTA |

| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| | കാർഷികവൃത്തിയെയും മണ്ണിനെയും പ്രകൃതിയെയും സ്നേഹിക്കുവാനുള്ള മനോഭാവം വളർത്തുക. | ♦ ജൈവ വൈവിധ്യ പാർക്ക് നിർമ്മാണം | 2 വർഷം | SRG,PTA | PTA Manage-ment |
| | | ♦ ജൈവ പച്ചക്കറിത്തോട്ടം നിർമ്മാണം<br>♦ സ്കൂൾ കോമ്പൗണ്ട് ഹരിതാഭമാക്കൽ | വർഷത്തിൽ ഒരു തവണ | SRG<br>MPTA<br>കാർഷിക ക്ലബ്ബ് | കൃഷിവകുപ്പ് |
| | | ♦ ഫലവൃക്ഷത്തോട്ടവും ഔഷധസസ്യ പൂങ്കാവന നിർമ്മാണവും | 3 വർഷം | | |
| | | ♦ ശലഭോദ്യാനം ഒരുക്കൽ | 1 വർഷം | PTA<br>SRG<br>MPTA<br>കാർഷിക ക്ലബ്ബ് | |
| | ചുറ്റുപാടിൽ നിന്ന് അന്യം നിന്നു പോകുന്ന ജന്തുസസ്യ ജാലങ്ങളെ തിരിച്ചറിയുക. | | | | |

## മേഖല – കായിക വിദ്യാഭ്യാസം

| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| 1 | എല്ലാ കുട്ടികൾക്കും കായികക്ഷമത ഉറപ്പു വരുത്തുക. | ◆ കായിക പരിശീലനങ്ങൾ PET Period ൽ വ്യത്യസ്ത കളികളിൽ പരിശീലനം നൽകൽ | ആഴ്ചയിൽ 2 ദിവസം | Class Teacher | |
| | | ◆ അവാർഡുകൾ/സമ്മാനങ്ങൾ നൽകൽ<br>◆ പഞ്ചായത്ത് / ഉപജില്ലാതല മത്സരങ്ങളിൽ വിജയിച്ചവർക്ക് അനുമോദനങ്ങളും മെമന്റോയും നൽകൽ<br>◆ വിവിധ കലാ-കായിക മത്സരങ്ങളിൽ മുന്നേറിക്കൊണ്ടിരിക്കുന്ന പൂർവ്വ വിദ്യാർത്ഥികളെ അനുമോദിക്കൽ | ഒരു തവണ | HM<br>PTA | PTA |
| | | ◆ യോഗ പരിശീലനം<br>◆ രാവിലെ കുറച്ചു സമയം യോഗയിൽ പ്രാക്ടീസ് ചെയ്യൽ | ആഴ്ചയിൽ ഒരു തവണ | SRG | |

## അനുബന്ധ പരിപാടികൾ

- സ്കൂൾ പത്രം
- അമ്മക്കൂട്ടം - വിവിധ ശിൽപശാലകൾ
- ഷോർട്ട് ഫിലിം
- ഗൃഹസന്ദർശനം
- ക്വിസ് കോർണർ/മെഗാ ക്വിസ്
- പൂർവ്വ-വിദ്യാർത്ഥി സംഗമങ്ങൾ
- പഠനയാത്രകൾ
- സഹവാസ ക്യാമ്പുകൾ
- വർക്ക്ഷീറ്റുകൾ
- നീന്തൽ പരിശീലന ക്ലാസുകൾ

ചരിത്രാവിഷ്കാരം